**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2021** **03-03-2025 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ലോകകേരളസഭയുടെ ഓരോ സമ്മേളനങ്ങളും സർക്കാരിന് നൽകിയ ശിപാർശകൾ എന്തൊക്കെയാണെന്നും ഓരോ ശിപാർശയിലും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ലോക കേരള സഭാ സമ്മേളനങ്ങളിൽ പ്രവാസികൾ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജനപ്രതിനിധികൾക്ക് മുൻപാകെ അവതരിപ്പിക്കുകയും ആയത് ലോക കേരള സഭാ സെക്രട്ടറിയേറ്റ് ക്രോഡീകരിച്ച് അതാത് വകുപ്പുകൾക്ക് കൈമാറുകയും ചെയ്തുവരുന്നു. ലോക കേരള സഭയിൽ ഉയർന്ന ശിപാർശകളിൽ നടപ്പാക്കിയ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു,<br><br>• കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/ സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്, ‘ Reststop ’ എന്ന പേരിൽ SPV രൂപീകരിച്ചാണ് നടപ്പാക്കുന്നത്.<br>• പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br>• വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ |

| | | | |
|---|---|---|---|
| | | | കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ വനിതാ സെൽ രൂപീകരിച്ചു.<br>• നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.<br>• കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.<br>• പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br>• പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• റവന്യൂ-സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ്, 'പ്രവാസി മിത്രം പോർട്ടൽ' ആരംഭിച്ചു.<br>• മൂന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദേശങ്ങളിൽ ഒന്നായ കേരളാ മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.<br>• ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ 'ലോക കേരളം ഓൺലൈൻ' എന്ന പോർട്ടൽ രൂപീകരിച്ചു.<br>• **പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു.**<br><br>**ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളിലുമായി സർക്കാരിന് ലഭ്യമായ ശിപാർശകളും ഓരോ ശിപാർശയിലും നാളിതുവരെ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.** |
| (ബി) | ലോകകേരളസഭയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്തും വിദേശത്തുമായി നടത്തിയ വിവിധ സമ്മേളനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | **ലോക കേരള സഭയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്തും വിദേശത്തുമായി നടത്തിയ വിവിധ സമ്മേളനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.** |
| (സി) | മേൽപ്പറഞ്ഞ ഏതെങ്കിലും സമ്മേളനങ്ങളിൽ ചെലവുകൾക്ക് സ്പോൺസർഷിപ്പ് ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ലോക കേരള സഭാ സമ്മേളനങ്ങളിൽ പ്രതിനിധികൾക്കുള്ള ഭക്ഷണം സ്പോൺസർ ചെയ്തത് |

| | | | |
|---|---|---|---|
| | എങ്കിൽ ഏതൊക്കെ സമ്മേളനങ്ങളിൽ ഏതൊക്കെ സംഘടനകളും വ്യക്തികളും എന്തൊക്കെ സേവനങ്ങൾ ആണ് സ്പോൺസർ ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | | നോർക്ക റൂട്ട്സ് ഡയറക്ടറായ ഡോ. ബി. രവി പിള്ള ആണ്. മൂന്നാം ലോക കേരള സഭാ സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രതിനിധികൾക്കുള്ള ഡെലിഗേറ്റ് ബാഗ് KSFE യും വാട്ടർ ബോട്ടിൽ, നോട്ട് പാഡ് തുടങ്ങിയവ CIAL യും സ്പോൺസർ ചെയ്തിരുന്നു. നാലാം സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപെട്ട് നോർക്ക റൂട്ട്സ് ഡയറക്ടർമാർ, SBI, MILMA, ഔഷധി, KSIDC, KSFE, CIAL എന്നിവർ സ്പോൺസർഷിപ് നൽകിയിരുന്നു. ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങൾ അതത് രാജ്യങ്ങളിലെ ലോക കേരള സഭാംഗങ്ങളുടെയും പ്രവാസി സംഘടനകളുടെയും നേതൃത്വത്തിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. മേഖലാ സമ്മേളനം നടത്തുന്നതിന്റെ ചെലവ് വഹിക്കുന്നത് അതത് മേഖലയിലെ പ്രവാസി സ്പോൺസർമാരാണ്. |

സെക്ഷൻ ഓഫീസർ

## ലോക കേരള സഭയിൽ ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും

**ഒന്നാം ലോക കേരള സഭയിൽ ലഭിച്ച ശിപാർശകളിൽ സ്വീകരിച്ച നടപടി**

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ എൻ ആർ ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപീകരിക്കുക | കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു.മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| 2 | എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി ആരംഭിക്കുക | അപ്പാർട്ടുമെന്റുകൾ, ഠൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. |
| 3 | തിരികെയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സഹകരണ സംഘം ആരംഭിക്കുക | പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി |

| | | |
|---|---|---|
| | | ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. |
| 4 | നോർക്ക റൂട്ട്സിൽ പ്രവാസി വനിതകൾക്കായി വനിതാ സെൽ ആരംഭിക്കുക | വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു. |
| 5 | നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, KASE ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. |
| 6 | അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം | കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം നടന്നുവരുന്നു |
| 7 | പ്രവാസി ആനുകാലിക പ്രസിദ്ധീകരണം | പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം" എന്ന പേരിൽ ആരംഭിച്ചു. |
| 8 | എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre embarkment 0rientation centres | മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് |

| | | |
|---|---|---|
| | | തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| 9 | എൻ.ആർ.ഐ ബാങ്ക് രൂപീകരിക്കുക | ശിപാർശകൾ പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| 10 | എൻ.ആർ.ഐ കലോത്സവം സംഘടിപ്പിക്കുക | |
| 11 | പ്രവാസികൾക്കായി പരാതി പരിഹാര സെൽ രൂപീകരിക്കുക | പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ബഹു. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

**<u>രണ്ടാം ലോക കേരള സഭ</u>**

രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടവ അതത് വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ടാം ലോക കേരള സഭയ്ക്ക് ശേഷം കോവിഡ് മഹാമാരി കാലമായതിനാൽ ശുപാർശകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. എന്നാൽ കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ 14 രാജ്യങ്ങളിൽ ലോക കേരള സഭാ അംഗങ്ങളുടെയും പ്രവാസി സംഘടനകളുടെയും സഹകരണത്തോടെ നോർക്ക ഹെല്പ് ഡെസ്കുകൾ ആരംഭിക്കാൻ സാധിച്ചു. പ്രസ്തുത ഡെസ്ക് തങ്ങളാൽ കഴിയുന്ന സഹായങ്ങൾ പ്രവാസി മലയാളി സമൂഹത്തിന് നൽകി. കോവിഡിന്റെ രണ്ടാം തരംഗത്തിൽ സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്റേഴ്സ്, ഓക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്നു ലോക കേരള സഭാംഗങ്ങളും പ്രവാസി മലയാളികളും കേരളത്തിന് നൽകിയിരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ അനിശ്ചിതത്വത്തിന പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിദ്യാകിരണം പ്രോജക്ടിന്റെ അഭൂതപൂർവ്വമായ വിജയത്തിന് ലോക കേരള സഭാംഗങ്ങളുടെ സേവനം അഭിനന്ദനാർഹമായിരുന്നു.

## മൂന്നാം ലോക കേരള സഭ – ശിപാർശകൾ

### I. നോർക്ക വകുപ്പ്

#### a. നോർക്ക റൂട്ട്സ്

1. ആഫ്രിക്കൻ മേഖലയിലെ പ്രധാനപ്പെട്ട മലയാളി അസോസിയേഷനുകൾക്ക് നോർക്ക രജിസ്ട്രേഷൻ സംവിധാനം ഉണ്ടാക്കണം. ഇതിനു നോർക്ക റൂട്ട്സ് മുൻകൈ എടുക്കണം.
2. പ്രവാസികളുടെ കൃത്യമായ കണക്കെടുപ്പിനായി ഗ്ലോബൽ ഡിജിറ്റൽ ഫോറം നടപ്പിലാക്കണം. കൂടാതെ മൈഗ്രേഷൻ സർവ്വേ നടത്തണം.
3. ഗൾഫ് രാജ്യങ്ങളിലെ കോടതികളിൽ അറബി ഭാഷയാണ് ഉപയോഗിക്കുന്നത്. ആയതിനാൽ PLAC ൽ അറബി ഭാഷ പരിജ്ഞാനം ഉള്ളവരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തണം. പ്രവാസി ലീഗൽ എയ്ഡ് സെൽ സംവിധാനം ശക്തിപ്പെടുത്തുക. വിദേശ രാജ്യത്തെ അഭിഭാഷകരെ ഉൾപ്പെടുത്തി നിയമ സഹായം നൽകുന്ന രീതിയിലേക്ക് വിപുലീകരിക്കണം.
4. പ്രവാസികൾക്കായി മെഡിസെപ് മാതൃകയിൽ ചികിത്സാ പദ്ധതി ഉണ്ടാകണം. ക്രിട്ടിക്കൽ ഇൽനെസ് കെയർ / ലൈഫ് കവറേജ് ഇവ നൽകുന്ന ഇൻഷുറൻസ് പദ്ധതി രൂപീകരിക്കണം.
5. സാന്ത്വന പദ്ധതിയുടെ വരുമാന പരിധിയും 10 വർഷമെന്ന കാലപരിധിയും ഉയർത്തണം.
6. നിലവിൽ ജർമനിയിലെ നഴ്സിംഗ് തൊഴിൽ മാത്രമാണ് നോർക്ക ഉപയോഗപ്പെടുത്തുന്നത്. എന്നാൽ നഴ്സിംഗ് മേഖലയിൽ മാത്രം പരിമിതപ്പെടുത്താതെ ആ രാജ്യത്തെ മറ്റു മേഖലകളെ പ്രത്യേകിച്ച് ഓട്ടോ മൊബൈൽ പോലുള്ള മേഖലകളെ ലക്ഷ്യമാക്കികൊണ്ട് ഇതുമായി ബന്ധപ്പെട്ട സ്കിൽ ഡവലപ്മെന്റ്, കോഴ്സുകൾ എന്നിവ ആരംഭിക്കാവുന്നതാണ്.
7. കുവൈറ്റിൽ ആയിരക്കണക്കിന് നഴ്സുമാരുടെ ഒഴിവുകളുണ്ട്. ഈ തൊഴിൽ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുവാൻ നോർക്ക റൂട്സിന്റെ റിക്രൂട്ട്മെന്റ് വിങ് ശക്തിപ്പെടുത്തണം
8. പ്രവാസി സംഘങ്ങൾക്ക് അപ്പെക്സ് ബോഡി ഉണ്ടാക്കണം. നോർക്ക റൂട്സ് പുതിയതായി നടപ്പിലാക്കിയ പ്രവാസി ഭദ്രത പേൾ സ്കീം പ്രവാസി സഹകരണ സംഘങ്ങൾ വഴിയും നടപ്പിലാക്കണം.
9. നാട്ടിലേക്ക് മടങ്ങാൻ താല്പര്യപെടുന്ന പ്രവാസികൾക്ക് പ്രീ റിട്ടേൺ ഒറിയെന്റേഷനായി സ്ഥിരം സംവിധാനങ്ങൾ ഒരുക്കുക

**b. എൻ ആർ ഐ (കെ) കമ്മീഷൻ**

1. നിലവിൽ പ്രവാസികളുടെ നാട്ടിലെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ പ്രവാസി പരിഹാര കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയുണ്ട്. ഇതിനു പുറമെ NRI കമ്മീഷൻ മുഖേനെയും പ്രവാസികളുടെ പരാതികളിൽമേൽ അദാലത്തുകൾ നടത്തി വരുന്നു. കൂടാതെ പ്രവാസികളുടെ നാട്ടിലെ പരാതികൾ പരിഹരിക്കുന്നതിനായി ഓൺലൈൻ അദാലത്തുകൾ നിശ്ചിത ഇടവേളകളിൽ നടത്തണം.

**c. പ്രവാസി ക്ഷേമനിധി ബോർഡ്**

1. നോർക്ക വെൽഫെയർ ബോർഡ് പുതിയതായി ആവിഷ്കരിച്ച പ്രവാസി ഡിവിഡന്റ് സ്കീമിനു കൂടുതൽ പബ്ലിസിറ്റി നൽകണം.
2. പ്രവാസി ലോട്ടറി ആരംഭിക്കണം. ഇതുവഴിയുള്ള വരുമാനം പ്രവാസി പെൻഷനായി ഉപയോഗിക്കണം
3. പ്രവാസി പെൻഷന് പ്രവാസി ക്ഷേമബോർഡിന്റെ ബന്ധപ്പെട്ട ആക്ട്പ്രകാരം അംശാദായത്തിന്റെ രണ്ട് ശതമാനമാണ്സർക്കാരിന്റെ കോൺടിബ്യൂഷൻ. ഇത് 20 ശതമാനമായിഉയർത്തിയില്ലെങ്കിൽ ബോർഡിന്റെ പ്രവർത്തനം തകരാറിലാകും.
4. നോർക്കയുടെയും പ്രവാസി ക്ഷേമനിധി ബോർഡിന്റെയും സേവനങ്ങൾ ഇന്ത്യക്ക് പുറത്തുള്ള പ്രവാസികൾക്കായി മാത്രം ഒതുക്കാതെ ഇതരസംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക് കൂടി ലഭ്യമാക്കുക. സേവനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന സാധാരണക്കാരനായ മലയാളികൾക്ക് കിട്ടത്തക്ക വണ്ണം നിയമങ്ങൾ ലഘൂകരിക്കുക.
5. പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ക്ഷേമ പെൻഷന്റെ പ്രായപരിധി 60 ൽ നിന്ന് ഉയർത്തുക.

**d. ലോക കേരള സഭ**

1. എൽകെഎസ് അംഗങ്ങൾക്ക് പരസ്പരമുള്ള ആശയ വിനിമയത്തിന് അവസരം ഒരുക്കണം
2. ലോക കേരള സഭയുടെ നേതൃത്വത്തിൽ എൻആർകെ പ്രൊഫെഷണൽ മീറ്റ് ഓരോ മേഖലയിലും നടത്തുക

3. ലോക കേരള സഭയുടെ നേതൃത്വത്തിൽ പ്രവാസികളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിൽ എത്തിക്കുന്നതിനായി എല്ലാ എം പിമാരും തിരെഞ്ഞെടുത്ത ലോക കേരള സഭാ അംഗങ്ങളും ഉള്ള സമിതി രൂപീകരിക്കുക.

**II. ടൂറിസം വകുപ്പ്**

1. ടൂറിസം സ്പെഷ്യൽ സോൺ, റോപ് വേ കണക്ടിവിററി എന്നീ ആശയങ്ങൾ നടപ്പിലാക്കി കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന രീതി പരിഗണിക്കണം.
2. പ്രവാസി സംഘടകളെ കൂടി ഉൾപ്പെടുത്തി കേരള ടൂറിസം കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ പ്രചരണം ശക്തിപ്പെടുത്താൻ ശ്രമിക്കണം
3. കേരള ടൂറിസത്തിലേക്ക് കുട്ടികളെ ആകർഷിക്കുവാൻ അഡ്വെവെൻഞ്ചർ ടൂറിസം ഏർപ്പെടുത്തണം
4. ഇന്ത്യൻ ഹൈകമ്മീഷൻറെയും ലോക്കൽ ഗവൺമെൻറ് സ്ഥാപനങ്ങളുടെയും സഹായത്തോടെ കേരള ആർട്ട്ഫോമിന്റെ ടൂറിസം വാരം ആസ്ട്രേലിയയിൽ സംഘടിപ്പിക്കണം
5. മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വിദേശ രാജ്യങ്ങളിൽ എക്സ്പോ സംഘടിപ്പിക്കണം
6. കാർഷിക പ്രവർത്തനങ്ങളെ വിനോദ സഞ്ചാരവുമായി ബന്ധിപ്പിച്ച് കർഷക സമൂഹത്തിന് സാമ്പത്തിക നേട്ടം ഉറപ്പാക്കാൻ കഴിയുമെന്നതിനാൽ ടൂറിസവും കൃഷിയുമായി ബന്ധപ്പെടുത്തി ഒരു മോഡൽ തയ്യാറാക്കണം.

**III. ഉന്നത വിദ്യാഭ്യാസ വകുപ്പ്**

1. കേരളത്തിലെ എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് ഇന്ത്യയ്ക്ക് പുറത്ത് ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കുക. അതുവഴി പ്രായോഗിക അറിവ് നല്കി ഉദ്യോഗാർത്ഥികളെ വിദേശ രാജ്യങ്ങളിലെ കമ്പനികളിൽ കൂടുതൽ വിന്യസിക്കുവാൻ കഴിയും
2. വിദേശ സർവകാലാശാലകളുടെ ക്യാമ്പസ്സുകൾ കേരളത്തിൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുകയും വിവിധ വിദേശ സർവകലാശാലകളുടെ കോഴ്സുകൾ സംസ്ഥാനത്ത് ക്യാമ്പസ്സുകളിൽ കൊണ്ടുവരാനും ശ്രമിക്കണം.
3. പ്രവാസികളുടെ മക്കൾക്ക് അഡ്മിഷന് പ്രാമുഖ്യം കിട്ടുവാൻ പ്രവാസി യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം.

4. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ജനുവിനിറ്റി ആന്റ് ഇക്വലൻസി സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനുള്ള നടപടികൾ വേഗത്തിലാക്കണം. യൂണിവേഴ്സിറ്റി തലത്തിൽ ഇതിന് ഒരു പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.
5. ബിരുദവിദ്യാഭ്യാസത്തോടൊപ്പം വിദേശ യൂണിവേഴ്സിറ്റികളുടെ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകൾ കൂടെ വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സൗകര്യം ഒരുക്കണം.
6. ഭാവിയിൽ ഗൾഫ് രാജ്യങ്ങളിൽ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്ന സാങ്കേതിക മേഖലയും തൊഴിൽ സാധ്യതയും പാരമ്പര്യേതര ഊർജ്ജമേഖലയുമായി ബന്ധപ്പെട്ടിട്ടുള്ളതായിരിക്കും. ഈ മേഖലയിൽ സംരംഭക തൊഴിൽ സാധ്യത വളരെ കൂടുതലായിരിക്കും. നമ്മുടെ യുവ തലമുറയ്ക്ക് ഈ മേഖലയിൽ ആവശ്യമായ സാങ്കേതിക സംരംഭകത്വ വിദ്യാഭ്യാസവും നൈപുണ്യവികസനവും നല്കാൻ സർക്കാർ ശ്രമിക്കണം.
7. യൂറോപ്യൻ അമേരിക്കൻ രാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് നമ്മുടെ യുവാക്കളെ പ്രാപ്തരാക്കുന്നതിന് നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖലയിൽ ആവശ്യമായ പുനക്രമീകരണം ഉണ്ടാകേണ്ടതുണ്ട്. അക്കാദമിക് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ ഉള്ളവർക്ക് വിവിധ തൊഴിൽ നേടുന്നതിന് അവരുടെ സോഫ്റ്റ്സ്കിൽ/ ഉയർന്ന നിലവാരമുള്ള കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവയുടെ അഭാവം മൂലം മികച്ച തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നു. ആയതിനാൽ ഇവർക്ക് സോഫ്റ്റ്സ്കിൽ/ കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവ വർധിപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ പാഠ്യപദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തണം.
8. നിലവിലെ തൊഴിൽ സാധ്യത പരിഗണിക്കുമ്പോൾ ഐ റ്റി രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാധാന്യം വളരെ വലുതാണ്. എന്നാൽ നിലവിലെ പാഠ്യപദ്ധതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന മേഖല വളരെ പരിമിതമാണ്. ആയതിനാൽ പാഠ്യപദ്ധതിയിൽ ആർട്ടിഫിഷൽ ഇന്റലിജന്റ്സിന് പ്രാധാന്യം കൊടുക്കണം.
9. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ ക്യാമ്പസുകൾ ഗൾഫ് മേഖലകളിലും ആരംഭിക്കുവാനും മലയാളി വിദ്യാർത്ഥികൾക്ക് അവിടെ ഉന്നത വിദ്യാഭ്യാസം ചെയ്യാനുള്ള സാധ്യത പരിശോധിക്കുക.
10. ഗൾഫ് രാജ്യങ്ങളിൽ സംസ്ഥാന സർക്കാർ എൻജിനീറിങ് എൻട്രൻസ് പരീക്ഷ നടത്തുന്നതു പോലെ, നീറ്റ്, പി എസ് സി പരീക്ഷകൾ നടത്തുക. ഇതിനായുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. പ്രവാസി വിദ്യാർത്ഥികൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ഗൾഫ് ഒറിയന്റേഡ് ആയിട്ടുള്ള ഒരു ഐ എ എസ് ട്രെയിനിംഗ് സെന്റർ നടത്തുക

11. യൂണിവേഴ്സിറ്റിയിൽ പ്രവാസി ചെയർ തുടങ്ങണം. കഴിയുമെങ്കിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ ഇതിനായി പരിഗണിക്കണം.

IV. **പൊതു വിദ്യാഭ്യാസ വകുപ്പ്**

1. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് നാട്ടുകളിൽ പ്രവാസി മലയാളികൾ വിജയകരമായി ഇന്ത്യൻ സ്കൂളുകൾ നടത്തുന്നുണ്ട്. അതുപോലെ സംസ്ഥാന സർക്കാരിൻറെ നേതൃത്വത്തിൽ ഇന്ത്യൻ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം

V. **വ്യവസായ വകുപ്പ്**

1. പൂട്ടിക്കിടക്കുന്ന/നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പുനർജനിപ്പിക്കാനുള്ള വ്യക്തമായ പദ്ധതികൾ ആവിഷ്കരിച്ച് പ്രവാസി ഓഹരി പങ്കാളിത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

2. സുസ്ഥിര വികസന പദ്ധതികൾ കാലത്തിന്റെ ആവശ്യമാണ്. ഗ്രീൻ ഹൈഡ്രജൻ കാർബൺ ഉത്പാദനം, നിലവിലുള്ള പോക്കറ്റ് അക്വാകൾച്ചർ മോഡൽ പരസ്പരം ബന്ധിപ്പിച്ച വിപുലമായ മത്സ്യകൃഷി, അർദ്ധ ചാലക വ്യവസായം (semi conductor industry) എന്നിവയ്ക്ക് പ്രോത്സാഹനം കൊടുക്കണം

VI. **റവന്യൂ വകുപ്പ്**

1. വില്ലേജാഫീസുകൾ, റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പ്രവാസികൾക്ക് നേടിയെടുക്കേണ്ട വിവിധ അനുമതികൾക്കുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം
2. പ്രവാസികളുടെ കേരളത്തിലെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി പ്രവാസി സുരക്ഷാ ബിൽ പാസ്സാക്കണം. ലാൻഡ് ബാങ്ക് ബില്ലുമായി ബന്ധപ്പെട്ട് പ്രവാസികളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ ഒരു സബ് കമ്മിറ്റി രൂപീകരിക്കുക.

VII. **ആരോഗ്യ വകുപ്പ്**

1. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കെ എസ് ഡി പി എന്ന മരുന്ന് ഉല്പാദിപ്പിക്കുന്ന കമ്പനിയുടെ സഹായത്തോടെ മിതമായ നിരക്കിൽ മരുന്നുകൾ ആഫ്രിക്കയിൽ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം

2. യൂറോപ്യൻ രാജ്യങ്ങളുടെ ജനസംഖ്യയിൽ ഉണ്ടാകുന്ന കുറവും വൃദ്ധജനങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവും ആരോഗ്യപരിപാലനം, വൃദ്ധജനപരിപാലനം എന്നീ മേഖലകളിൽ ഈ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണ്. ഈ അവസരങ്ങൾ നേടിയെടുക്കാൻ പര്യാപ്തമായതരത്തിൽ നമ്മുടെ യുവതലമുറയെ യോഗ്യരാക്കുന്ന തരത്തിൽ ഈ വിഷയങ്ങളിൽ അന്തർദേശിയ നിലവാരത്തിലുള്ള പാഠ്യക്രമം നിശ്ചയിച്ച പഠന പരിശീലന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## VIII. വിവര സാങ്കേതിക വകുപ്പ്

1. പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുള്ള സംവിധാനം ഒരുകുവാനുള്ള സാധ്യത പരിശോധിക്കുക
2. സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായി സഹകരിക്കുന്ന സംരംഭങ്ങളിലേക്ക് പ്രവാസി നിക്ഷേപം കൂടുതലായി ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
3. പ്രവാസികളുടെ കുട്ടികൾക്ക് സ്റ്റാർട്ട് അപ്പ് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക.
4. നോളേജ് എക്കൊണോമി മിഷന്റെയും സ്റ്റാർട്ട് അപ്പ് മിഷന്റെയും പ്രവർത്തനങ്ങൾ ഷോകെയ്സ് ചെയ്യുന്ന റോഡ് ഷോ/പരസ്യ പ്രദർശങ്ങൾ എന്നിവ പ്രമുഖ വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുക.

## IX. ആഭ്യന്തര വകുപ്പ്

1. പ്രവാസികൾക്കായുള്ള പൊലീസിന്റെ എൻ ആർ എ സെല്ലിൽ എസ് പി റാങ്കിലുള്ള ഉദ്യോഗസ്ഥൻ മാത്രമാണ് ഉള്ളത്. ഈ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സെൽ വിപുലീകരിക്കണം. വിദേശത്തുള്ള പ്രവാസി മലയാളികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ അറിയിക്കാനും നേരിട്ട് സംവദിക്കാനും ഈ സെൽ മുഖേന സാധിക്കണം കൂടാതെ പ്രവാസി മലയാളി വനിതകൾക്ക് പരാതികൾ സമർപ്പിക്കാനും സ്ത്രീ സൗഹൃദമാക്കാനും ഈ സെല്ലിൽ വനിതാ ഉദോഗസ്ഥരുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

X. **തദ്ദേശ സ്വയംഭരണ വകുപ്പ്**

1. സംസ്ഥാന സർക്കാരിൻ്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു നിശ്ചിത ശതമാനം തനത് ഫണ്ട് ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റും അതിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള പദ്ധതിയും ഒരു പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കുക. നിലവിൽ പ്ലാൻ ചെയ്യേണ്ടത് ppp മോഡലിൽ ആയിരിക്കണം.

XI. **തൊഴിൽ വകുപ്പ്**

1. വിദേശ തൊഴിൽ സാധ്യതകൾ കൂടി പരിഗണിച്ച് സ്ത്രീകൾക്കായി സ്കിൽ ഡെവലപ്പമെന്റ് പരിശീലനങ്ങൾ ആരംഭിക്കണം
2. വിദേശത്ത് തൊഴിലിനായി പോകുവാൻ തയ്യാറെടുക്കുന്ന സ്ത്രീകൾക്ക് സ്കിൽ ഡെവലപ്മെന്റ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.
3. ആഫ്രിക്കയിൽ വജ്രവ്യാപാര മേഖലയുമായി ബന്ധപ്പെട്ട ധാരാളം തൊഴിൽ അവസരങ്ങൾ ലഭ്യമാണ്, പ്രത്യേകിച്ച് വജ്രങ്ങളുടെ കട്ടിങ്, പോളിഷിങ് മുതലായവയിൽ ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകുകയാണെങ്കിൽ അവിടെ ധാരാളം തൊഴിൽ അവസരങ്ങൾക്ക് സാധ്യതയുണ്ട്.
4. ചില ആഫ്രിക്കൻ രാജ്യങ്ങളിലെ ബിസിനസ് സംരംഭകർ സ്കിൽഡ് എംപ്ലോയീസിന് വേണ്ടി പത്രപരസ്യം കേരളത്തിൽ കൊടുക്കുമ്പോൾ പത്ര മാധ്യമങ്ങൾ, പ്രസ്തുത രാജ്യങ്ങളിലെ തൊഴിൽ വകുപ്പിന്റെ NOC ആവശ്യപെടുന്നു. ഇത് പ്രയോഗികമല്ലാത്തതിനാൽ, NOC ആവശ്യപെടുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
5. ഊർജ്ജമേഖലയിൽ നിന്ന് മടങ്ങിവന്ന പ്രവാസികളുടെ വിവരങ്ങൾ ഗവൺമെൻറ് ശേഖരിക്കുകയും അവരെ കേരളത്തിൽ പരിശീലനത്തിനായി ഉപയോഗിക്കുന്നതുവഴി ഈ മേഖലയിൽ നിന്ന് തിരികെ വന്നവർക്ക് തൊഴിൽ ലഭിക്കുകയും കൂടാതെ ഊർജ്ജമേഖലയിൽ ജോലി ചെയ്യുവാൻ സന്നദ്ധതയുള്ളവരെ അതിനായി പ്രാപ്തരാക്കാനും സാധിക്കും .ഇതിനുള്ള നടപടി സ്വീകരിക്കണം

XII. **പ്ലാനിംഗ് & ഇക്കണോമിക് അഫയർസ് (ഡവലപ്മെന്റ് & ഇന്നോവേഷൻ) വകുപ്പ്**

1. ഇന്ത്യയ്ക്ക് പുറത്തുള്ള മുഴുവൻ പ്രൊഫഷണലുകളെയും സംഘടിപ്പിച്ച് നോളജ് എക്കോണമി മിഷൻ വിപുലീകരിക്കേണ്ടതാണ്.

XIII. **ധനകാര്യ വകുപ്പ്**

1. സർക്കാർ ട്രെഷറിയിൽ, വിദേശത്ത് നിന്ന് പ്രവാസികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത പരിശോധിക്കുക

XIV. **സാംസ്കാരിക വകുപ്പ്**

1. പ്രവാസ ജീവിതം നയിക്കുന്ന കുട്ടികൾക്ക് കേരളത്തിന്റെ സംസ്കാരവും തനിമയും പകർന്നു കൊടുക്കാൻ വേണ്ടി പ്രവാസി മലയാളികൾ കൂടുതൽ അധിവസിക്കുന്ന രാജ്യങ്ങളിൽ സാംസ്കാരിക ക്ലബ്ബുകൾ ആരംഭിക്കണം.
2. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളിൽ പ്രവാസികൾക്ക് പ്രാതിനിധ്യ സ്വഭാവമുള്ള സ്ഥാനം വേണം
3. ഇതര സംസ്ഥാനങ്ങളിൽ സാഹിത്യ അക്കാദമി ഓഫീസ്സുകൾ തുടങ്ങുക
4. മലയാളം മിഷൻ മുഖേന ലോക മലയാള ഭാഷാസമ്മേളനങ്ങൾ സംഘടിപ്പിക്കുക (കുറഞ്ഞത് 4 സമ്മേളനങ്ങൾ)
5. ലോകമേ തറവാട് എന്ന ബിനാലെ മോഡലിലുള്ള കലാകാരന്മാരുടെ പ്രദർശനം ആലപ്പുഴയിൽ നടത്തിയിരുന്നു. ഇതുപോലുള്ള കൾച്ചറൽ പെർഫോമൻസ് പ്രൊമോട്ട് ചെയ്യപ്പെടാനുള്ള സാഹചര്യം ഒരുക്കണം.
6. പഞ്ചാബ് സർക്കാരിന്റെ കീഴിലുള്ള ലളിത് കലാ അക്കാദമി, കുട്ടികൾക്ക് ഡൽഹിയിൽ ആർട്ട്ഷോ നടത്താൻ അവസരം നൽകിയ മാതൃക പിന്തുടർന്ന്, കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്ക് ദേശീയതലത്തിലുള്ള വേദികൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

XV. **സാമൂഹിക ക്ഷേമ വകുപ്പ്**

1. നാട്ടിൽ ഒറ്റയ്ക്കായി പോയ രക്ഷിതാക്കളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി കെയർ ഇക്കോണമി സംവിധാനം കൊണ്ടുവരുക.
2. സ്ത്രീ സൗഹൃദസംരംഭങ്ങളെ പറ്റി ബോധവൽക്കരണം നടത്തണം

XVI. **കൃഷി വകുപ്പ്**

1. പച്ചക്കറി ഉത്പാദനത്തിൽ കഴിഞ്ഞ 5 വർഷം വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്.പക്ഷെ സംഭരണ വിതരണത്തിലെ പാളിച്ചകൾ ഒഴിവാക്കാൻ പ്രവാസികളെ ഉൾപ്പെടുത്തി PPP മോഡൽ വേണം.

## കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ട വിഷയങ്ങൾ

1. ധാരാളം മലയാളികൾ ആഫ്രിക്കൻ രാജ്യങ്ങളിൽ വസിക്കുന്നുണ്ട്. അവർ എത്യോപ്യൻ എയർ ലൈൻസിനെയാണ് കേരളത്തിലേക്കുള്ള യാത്രയ്ക്ക് ആശ്രയിക്കുന്നത്. നിലവിൽ എത്യോപ്യൻ എയർ ലൈൻസിന് കേരളത്തിൽ സർവീസില്ല. എന്നാൽ തമിഴ്നാട്ടിൽ സർവീസുണ്ട്. കൊച്ചിയിൽ കൂടി അതിന്റെ കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി എടുക്കണം.

2. വിസിറ്റിംഗ് വിസയിൽ യാത്ര ചെയ്യുന്നവർക്ക് മിനിമം ഇൻഷുറൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

3. കുറ്റവാളികളെ പരസ്പരം കൈമാറാനുള്ള എക്സ്ട്രഡിഷൻ ട്രീറ്റി ഒപ്പുവച്ചിട്ടുള്ള രാജ്യങ്ങളിൽ നിന്ന് തടവ് ശിക്ഷ അനുഭവിക്കുന്ന മലയാളികളെ ഇന്ത്യൻ ജയിലുകളിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള നടപടിക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

4. ഗൾഫ് മേഖലയിലെ ഏറ്റവും വലിയ രാജ്യമാണ് സൗദി അറേബ്യ. നിലവിൽ റിയാദിലും ജിദ്ദയിലും മാത്രമാണ് കോൺസുലാർ സേവനങ്ങൾ ലഭ്യമായിട്ടുള്ളത്. പക്ഷെ മലയാളികൾ / ഇന്ത്യക്കാർ കൂടുതലായി അധിവസിക്കുന്ന കിഴക്കൻ മേഖലക്ക് കോൺസുലാർ സേവനങ്ങൾ അപ്രാപ്യമാണ്. ആയതിനാൽ ഈ മേഖലയിലെ പ്രധാന കേന്ദ്രമായ ധമാമിൽ ഒരു കോൺസുലേറ്റ് സ്ഥാപിക്കുന്നത് അനിവാര്യമാണ്.

5. വിദേശതൊഴിൽസ്ഥാപനങ്ങൾ റിക്രൂട്ട്മെന്റിനായി ഇന്ത്യയെ പരിഗണിക്കുമ്പോൾ കോൺസിലേറ്റുകൾ കേരളത്തിന്റെ പേരുകൾ നിർദ്ദേശിച്ച് കാണുന്നില്ല. ഹൈദരാബാദ്, ബെംഗളൂരു, ചെന്നൈ എന്നീ സ്ഥലങ്ങളെയാണ് കൂടുതലായി പരിഗണിക്കുന്നത്. കേരളത്തിനും സെന്റർ ലഭിക്കുന്നതിനു കേരളസർക്കാർ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്.

6. നിലവിൽ ഗൾഫ് രാജ്യങ്ങളിൽ പ്രവാസി വിദ്യാർത്ഥികളുടെ അനുപാദത്തിന് തത്തുല്യമായ ഇന്ത്യൻ സ്കൂളുകൾ നിലവിലില്ല. അതുകൊണ്ടുതന്നെ ഈ രാജ്യങ്ങളിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉയർന്ന ഫീസ് കൊടുത്തുകൊണ്ടു പഠിക്കാൻ പ്രവാസികൾ / അവരുടെ മക്കൾ നിർബന്ധിതരാകുന്നു. ഇത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു. ഈ

പ്രതിസന്ധി പരിഹരിക്കാൻ പ്രവാസി വിദ്യാർത്ഥികളുടെ അനുപാദത്തിന് തത്തുല്യമായ ഇന്ത്യൻ സ്കൂളുകൾ ആരംഭിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുക.

7. വിദേശ രാജ്യങ്ങളിലെ നയതന്ത്ര കാര്യാലയങ്ങളിൽ മലയാള ഉദ്യോഗസ്ഥർ കുറവാണ്. കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുക
8. കേരളത്തിൽ, പ്രവാസികൾ ഏറ്റവും അധികം കുടിയേറുന്നത് മലബാർ മേഖലയിൽ നിന്നാണ്. ആയതിനാൽ ഈ മേഖല കേന്ദ്രീകരിച്ച് ഒരു എമിഗ്രേഷൻ ഓഫീസ് സ്ഥാപിക്കുക
9. തൊഴിൽ മേഖലയിലെ പീഡനം അവസാനിപ്പിക്കാൻ എംബസികളിൽ കൂടുതൽ ലേബർ അറ്റാഷെമാരെ നിയമിക്കുകയും അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമുണ്ട്. കൂടാതെ തൊഴിലാളികൾക്ക് അവശ്യമായ നിയമസഹായം നൽകാൻ തദ്ദേശീയരായ നിയമ വിദഗ്ധരെ ചുമതലപ്പെടുത്തുകയും വേണം.
10. എല്ലാ ECR രാജ്യങ്ങളിലും എംബസികൾ മുഖേന വിമൺഷെൽറ്റർ ആരംഭിക്കണം. കൂടാതെ നിലവിലുള്ള വിമൺഷെൽറ്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം
11. പാസ്പോർട്ട് റിന്യൂവൽ സേവനങ്ങൾക്ക് ഗൾഫ് രാജ്യങ്ങളിൽ അനാവശ്യ കാലതാമസം നേരിടുന്നു. അടിയന്തിരമായി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
12. ഗാർഹിക തൊഴിലാളികളെ സംബന്ധിക്കുന്നത് അടക്കമുള്ള അന്താരാഷ്ട്ര കരാറുകളിൽ കേന്ദ്ര സർക്കാർ ഒപ്പുവയ്ക്കുക. അബുദാബി ഡയലോഗ് ഉൾപ്പെടെയുള്ള വേദികളിൽ കേന്ദ്ര സർക്കാർ ഇടപെടലുകളിൽ സംസ്ഥാന സർക്കാരുകളുമായി പങ്കു വയ്ക്കുക.
13. ബ്യൂറോ ഓഫ് ഇമിഗ്രേഷൻ ഡേറ്റ, അവശ്യ ഘട്ടങ്ങളിൽ സംസ്ഥാനങ്ങളുമായി പങ്ക് വെക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകുക.
14. EMIGRATE പോർട്ടൽ പൊതുജനങ്ങൾക്ക് നിലവിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. വിദേശ റിക്രൂട്ടിട്മെന്റുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് സഹായകമാകുന്ന നിരവധി വിവരങ്ങൾ അടങ്ങിയ ഈ പോർട്ടലിന്റെ സാങ്കേതിക തടസങ്ങൾ അടിയന്തിരമായി പരിഹരിച്ച് മുൻപത്തെ പോലെ പൊതുജങ്ങങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമാക്കുക
15. അന്താരാഷ്ട്ര പ്രവാസ ഉടമ്പടി (Global compact on migration) സംബന്ധിച്ച പ്രവർത്തനങ്ങളിൽ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുക

16. കുവൈറ്റിൽ എഞ്ചിനീയറിംഗ് വിസ സ്റ്റാമ്പ് ചെയ്യണമെങ്കിൽ എൻജിനീയർമാർ കുവൈറ്റ് സൊസൈറ്റി ഓഫ് എഞ്ചിനിയേഴ്സിൽ നിന്നും NOC വാങ്ങണം എന്നൊരു നിയമം Kuwait Public Authority of Manpower (PAM) 2018 മുതൽ നടപ്പാക്കി വരുന്നു. KSE ൽ അംഗത്വം ലഭിക്കുന്നത് ഇന്ത്യയിലെ National Board of Accreditation (NBA) അംഗീകരിച്ച എഞ്ചിനീയറിംഗ് കോഴ്സുകൾ ഉള്ള കോളേജിൽ പഠിച്ച എൻജിനീയർമാർക്കു മാത്രമാണ്. NBA അംഗീകാരം എന്നത് കേന്ദ്ര സർക്കാരിന്റെ ഒരു നയം ആണ്. ഇന്ത്യയിലെ മഹാ ഭൂരിപക്ഷം എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകൾക്കും NBA അംഗീകാരമില്ല. മാത്രമല്ല, ഇന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആയ IIT, NIT, BITs, IIIT പോലുള്ള സ്ഥാപനങ്ങൾക്ക് NOC അംഗീകാരമില്ല. ഈ വിഷയം കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും ഇതുവരെ പ്രശ്ന പരിഹാരം ഉണ്ടായിട്ടില്ല. ഇത്തരം നിയമം കാരണം എൻജിനിയർമാർ സൂപ്പർവൈസർ, സെക്രട്ടറി തുടങ്ങിയ ട്രേഡുകളിൽ വിസ സ്റ്റാമ്പ് ചെയ്യുന്ന അവസ്ഥയാണ് ഇന്നുള്ളത്.ഇത്തരം ആൾക്കാരെ കണ്ടെത്താൻ PAM ശ്രമം തുടങ്ങിയിട്ടുണ്ട്. കുവൈറ്റിൽ ജോലി ചെയ്യുന്ന എൻജിനീയർമാരിൽ പകുതിയിലധികം വ്യക്തികളും (500– ൽ അധികം) ഈ വിഷയം അഭിമുഖീകരിക്കുന്നുണ്ട്. ഈ വിഷയത്തിൽ കേരള സർക്കാരും നോർക്കയും ഇടപ്പെട്ട് പ്രശ്ന പരിഹാരം ഉണ്ടാക്കണം.

**മൂന്നാം ലോക കേരള സഭയിലെ ശിപാർശകളിൽ പ്രധാനമായും നാളിതുവരെയായി നടപ്പിലാക്കിയ ശിപാർശകൾ**

1. കേരള മൈഗ്രേഷൻ സർവേ 2023
2. ലോക കേരളം ഓൺലൈൻ പോർട്ടൽ
3. പ്രവാസി മിത്രം പോർട്ടൽ
4. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി
5. മൂന്നാം ലോക കേരള സഭയിലെ മറ്റു ശിപാർശകളിൽ നടപ്പിലാക്കാൻ കഴിയുന്നവ വിവിധ വകുപ്പുകൾ മുഖേന പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നാലാം ലോക കേരള സഭയിൽ ലഭിച്ച ശിപാർശകളിൽ ചുവടെ പറയും പ്രകാരം തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു.**

| നമ്പർ | ശിപാർശ | സ്റ്റാറ്റസ് |
|---|---|---|
| 1 | പ്രവാസികൾക്ക്/ മാതാപിതാക്കൾക്ക് Retirement living സംവിധാനം ഉറപ്പാക്കുക | മാവേലിക്കരയിൽ നോർക്ക റൂട്ട്സിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ സ്ഥലത്ത്, പിപിപി മാതൃകയിൽ, പ്രവാസി മലയാളികൾക്കോ അവരുടെ കുടുംബങ്ങൾക്കോ വേണ്ടി ഒരു Retirement living സൗകര്യം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ വിശദമായ ഡിപിആർ OKIHL തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡിപിആർ ന് അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| 2 | മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്കിൽ സർട്ടിഫിക്കേഷൻ | വിദേശ തൊഴിൽ ഇടങ്ങളിൽ നിന്ന് സ്കിൽ സർട്ടിഫിക്കറ്റ് ലഭ്യമാകാതെ മടങ്ങുന്ന നിരവധി പ്രവാസികൾ, തിരികെ എത്തിയ ശേഷം കേരളത്തിൽ അവരുടെ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിൽ വെല്ലുവിളികൾ നേരിടുന്നു. ഇത്തരത്തിൽ മടങ്ങി എത്തുന്ന പ്രവാസികളെ നൈപുണ്യം സാക്ഷ്യപ്പെടുത്തി നൽകുന്നതിനും അതുവഴി മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുമായി KASE മായി സഹകരിച്ച് സ്കിൽ സർട്ടിഫിക്കേഷൻ നല്കാൻ തീരുമാനിച്ചു. പ്രവാസികളുടെ വിവരശേഖരണം നടത്തുന്നതിനും ആശയ വിനിമയത്തിനും തൊഴിൽ അവസരങ്ങൾ ഉൾപ്പെടെ ഉള്ള വിവരങ്ങൾ കൈമാറാനും സാംസ്കാരിക വിനിമയം സാധ്യമാക്കുന്നതുമായി വികസിപ്പിച്ച ലോക കേരളം ഓൺലൈൻ പോർട്ടൽ മുഖേന പ്രസ്തുത സേവനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.<br>2025 – 26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ, പ്രസ്തുത പദ്ധതിയുടെ പരാമർശം സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ് പ്രോഗ്രാം എന്ന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 3 | പ്രവാസിമിഷൻ രൂപകരിക്കുക | മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവാസി മിഷൻ ആരംഭിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി 08.01.2025 ന് ഒരു brainstorming സെഷൻ സംഘടിപ്പിച്ചു. നിലവിലുള്ള പ്രവാസി സംഘങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുക, തിരിച്ചെത്തിയ പ്രവാസികളെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുക, നിക്ഷേപങ്ങൾ സമാഹരിക്കുക എന്നീ ലക്ഷ്യത്തോടെ പ്രവാസി വികസന കോർപ്പറേഷൻ രൂപീകരിക്കുക എന്ന നിർദ്ദേശം ഉണ്ടായി. പ്രവാസി പ്രതിനിധികളും ജില്ലാ ആസൂത്രണ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു ഏകോപന സമിതി രൂപീകരിക്കാനും, വിവിധ വകുപ്പുകളുടെ നിലവിലുള്ള സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, ഇതിനകം രൂപീകരിച്ച സ്വയം സഹായ ഗ്രൂപ്പുകളെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നിർദ്ദേശമുണ്ടായി. |
| 4 | ലോക കേരളം ഓൺലൈൻ പോർട്ടലിൽ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക | ലോക കേരളം ഓൺലൈൻ പോർട്ടലിൽ, കൗൺസിലിംഗ്, ആയുർവേദ കൺസൾട്ടേഷൻ (വീഡിയോ കൺസൾട്ടൻ) എന്നിവ നല്കാൻ ഉദ്ദേശിക്കുന്നു. NHM, ആയുഷ് എന്നിവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| 5 | കലാമണ്ഡലം നൽകുന്ന ഹ്രസ്വകാല കോഴ്സ് നൽകുന്നത് സംബന്ധിച്ച് | വിദേശ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത നിരവധി ഹ്രസ്വകാല കോഴ്സുകൾ കലാമണ്ഡലം ഓൺലൈനിലായി നൽകിവരുന്നു. ഈ സേവനം പ്രവാസികൾക്ക് കൂടി ലഭ്യമാക്കുന്നതിന് കലാമണ്ഡലത്തിന്റെ കോഴ്സുകൾ ലോക കേരളം ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| 6 | സർക്കാരിന്റെ ഇ സേവനങ്ങൾ ഇതര സംസ്ഥാന പ്രവാസികൾക്ക് ഇപ്പോഴം പരിചിതമല്ല. KSMART, റെവന്യൂ വകുപ്പിന്റെ സേവനങ്ങൾ എന്നിവയെപ്പറ്റി ഇതര സംസ്ഥാന മലയാളി പ്രവാസികൾക്ക് കൃത്യമായ അവബോധം നൽകാനുള്ള ശ്രമങ്ങൾ നടത്തണം. പ്രവാസികൾക്ക് നിലവിൽ ലഭ്യമായ എല്ലാ ഇ-സേവനങ്ങളും നോർക്ക വെബ്സൈറ്റ് /ലോക കേരള വെബ്സൈറ്റിൽ ഉൾപ്പെടുത്തുക. സർക്കാർ സേവനങ്ങൾ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാകുന്നത് വിദേശത്തുള്ളവർക്ക് സഹായകരമായിരിക്കും. | സർക്കാരിന്റെ ഇ സേവനമായ KSMART ഇതര സംസ്ഥാന പ്രവാസികൾക്ക് ലഭിക്കുന്നതിനും വിവരങ്ങൾ നോർക്ക റൂട്ട്സിന്റെ ലോക കേരള സഭ, ലോക കേരളം ഓൺലൈൻ എന്നീ വെബ്സൈറ്റുകൾ വഴി ലഭ്യമാക്കുന്നതിനും ലോക കേരള സഭാ സെക്രട്ടറിയേറ്റ് മുഖനെ നടപടി സ്വീകരിച്ചു വരുന്നു. |
| 7 | അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പ് വരുത്തി അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിനുള്ള നിയമനിർമ്മാണം | കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് രീതികൾ കാര്യക്ഷമമാക്കുന്നതിന് വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ബ്രെയിൻസ്റ്റോർമിങ് സെഷൻ സംഘടിപ്പിച്ചു. പ്രസ്തുത സെഷനിലെ നിർദ്ദേശങ്ങളെ അധികരിച്ച് അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശം ഉയർന്നു വന്നു. ബ്രെയിൻസ്റ്റോർമിങ് സെഷനെ അധികരിച്ച് കരട് പോളിസി നോട്ട് തയ്യാറാക്കിയിട്ടുണ്ട്. നിയമനിർമ്മാണ രൂപീകരിക്കുന്നതിനുള്ള സാധ്യത പഠനത്തിനോടൊപ്പം, കരട് പോളിസി നോട്ട് പരിശോധനയും തുടർനടപടികൾ ശുപാർശ |

| | | |
|---|---|---|
| | | ചെയ്യുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

## നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കുന്ന ശുപാർശകൾ

| ക്രമ നമ്പർ | ശിപാർശ | സ്റ്റാറ്റസ് |
|---|---|---|
| 1 | സോഷ്യൽ വർക്കേഴ്സ് എന്ന തൊഴിൽ മേഖല കേരളത്തിൽ പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്. നിലവിൽ വിദേശ രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ ചുരുങ്ങിയ വേതനത്തിൽ തൊഴിലെടുക്കുന്നവരാണ് സോഷ്യൽ വർക്കേർസ്. സോഷ്യൽ വർക്ക് വിദ്യാഭ്യാസത്തിന്റെ കരിക്കുലം വികസിത രാജ്യങ്ങളിലേതിന് തുല്യമായി മെച്ചപ്പെടുത്തുന്നത് ഉചിതമായിരിക്കും. MSW കോഴ്സുകൾ കാലോചിതമായി പരിഷ്കരിച്ച വിദേശ രാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നത് പോലെ തന്നെ കേരളത്തിലും മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കാൻ സാധിക്കണം. | യൂറോപ്പിലെ പ്രധാന രാജ്യങ്ങളിലെ MSW കോഴ്സ് ഘടന പരിശോധിക്കുന്ന വിഷയം EU ലെ പ്രധാന കുടിയേറ്റ പഠന ഏജൻസിയായ ICMPD യുമായി ചേർന്ന് പരിശോധിച്ചു വരുന്നു. |
| 2 | നഴ്സിംഗ് പഠനത്തിനോടൊപ്പം സമാന്തരമായി, ആരോഗ്യ പ്രവർത്തകരെ റിക്രൂട്ട് ചെയ്യുന്ന പ്രധാന രാജ്യങ്ങളിലെ ഭാഷാ പരിശീലനം നൽകണം. പ്രധാനമായും ജർമ്മൻ, ഇംഗ്ലീഷ് | നിലവിൽ NILFL മുഖേന ഇംഗ്ലീഷ് (IELTS,OET), ജർമ്മൻ എന്നീ ഭാഷകളിൽ പരിശീലനം നൽകി വരുന്നു. അതിനു പുറമെ മറ്റ് ഭാഷകളിൽ പരിശീലനം ആവശ്യം ഉണ്ടാകുന്ന സാഹചര്യത്തിൽ ആവശ്യമുള്ള ഉദ്യോഗാർത്ഥികൾക്ക് NIFL മുഖേന |

| | | |
|---|---|---|
| | (IELTS, OET), അറബിക്, ഡച്ച്, ഫ്രഞ്ച് എന്നീ ഭാഷകൾക്ക് മുൻതൂക്കം നൽകണം. | പരിശീലനം നൽകുന്നതാണ്. |
| 3 | തിരികെ എത്തിയ പ്രവാസികളിൽ ഭൂരിഭാഗം പേരും തൊഴിൽ നൈപുണ്യവും, അനുഭവ സമ്പത്തും ഉള്ളവരാണ്. ഇവരുടെ അറിവ് അവർക്കും നാടിനും പ്രയോജനപ്പെടുത്തും വിധം ഇവരെ ചേർത്ത് കൊണ്ട് സ്കിൽഡ് വർക്കേഴ്സിന്റെ സ്കിൽഡ് ലേബർ ബാങ്ക് രൂപികരിക്കണം. | നെയിം പദ്ധതിയുടെ ഭാഗമായ ലോക കേരളം ഓൺലൈൻ പോർട്ടലിനെ ഉപയോഗപ്പെടുത്തി തിരികെ വരുന്ന പ്രവാസികളുടെ വിവരം ശേഖരിച്ച് വരുന്നതോടൊപ്പം ആഭ്യന്തര തൊഴിൽ ദാതാക്കളുടെ രജിസ്ട്രേഷൻ നടപടികളും പുരോഗമിച്ചു വരുന്നു. കൂടാതെ തിരികെ വരുന്ന പ്രവാസികളെ സംരംഭകത്വ താൽപ്പര്യം, ആഭ്യന്തര തൊഴിൽ കമ്പോളത്തിൽ തൊഴിൽ എടുക്കുന്നതിനുള്ള താല്പര്യം എന്നിങ്ങനെ രണ്ടായി തിരിച്ച് വിവര ശേഖരണം ഡിജിറ്റൽ യൂണിവേഴ്സിറ്റി വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | പ്രവാസം അവസാനിപ്പിച്ച് തിരികെയെത്താൻ ആലോചിക്കുന്ന പ്രവാസികൾക്ക് പ്രി-റിട്ടേൺ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഉചിതമായിരിക്കും. അതായത്, തിരികെയെത്തിയാൽ തൊഴിലെടുക്കുവാനും സംരംഭകരാകുവാനും നിക്ഷേപകരാകുവാനും മറ്റും താല്പര്യമുള്ള പ്രവാസികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച വരുമാന മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സഹായങ്ങൾ പരിശീലന പരിപാടികളായും ഇൻഫൊർമേറ്റീവ് | പ്രവാസം അവസാനിപ്പിച്ച് തിരികെയെത്താൻ ആലോചിക്കുന്ന പ്രവാസികൾക്ക് പ്രീറിട്ടേൺ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി നോർക്ക റൂട്ട്സിന്റെ ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരം നിലവിൽ online/offline ബിസിനസ്സ് ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ഇതിലൂടെ തിരികെ എത്തിയാൽ തൊഴിലെടുക്കുവാനും സംരംഭകരാകുവാനും നിക്ഷേപകർ ആകുവാനും മറ്റും താല്പര്യമുള്ള പ്രവാസികൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് വരുമാനമാർഗ്ഗങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സഹായങ്ങൾ നൽകിവരുന്നുണ്ട്. തിരിച്ചുവരാൻ തയ്യാറെടുക്കുന്ന പ്രവാസികൾക്കായി ഇൻഫൊർമേറ്റീവ് വീഡിയോകൾ ഉൾപ്പടെ തയ്യാറാക്കിയ പരിശീലന പരിപാടികളും ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ |

| | | |
|---|---|---|
| | വിഡിയോകൾ ആയും നൽകണം. | മുഖാന്തരം അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. |

**സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണം ശക്തമാക്കുക**

| | | |
|---|---|---|
| 5 | ആതിഥേയ രാജ്യങ്ങളുടെ തൊഴിൽ /പഠന വിസാ നിയമങ്ങളെക്കുറിച്ച് നോർക്ക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പ്രസ്തുത വിവരം നോർക്ക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും വേണം. അടിക്കടി മാറുന്ന നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇനിയും നൽകേണ്ടതുണ്ട്. യു.എ.ഇ. ഒഴിച്ചുള്ള മിക്ക രാജ്യങ്ങളിലെയും ഇന്ത്യൻ എംബസി വെബ്സൈറ്റുകളിൽ മാറിവരുന്ന നിയമങ്ങൾ പ്രസിദ്ധീകരിക്കുന്നില്ല എന്നത് വലിയ പരിമിതിയാണ്. ഓരോ റീജിയണുകളുടെയും വീസ നിയമങ്ങളെക്കുറുച്ച് പഠിച്ച് നോർക്കയുടെയും ലോക കേരള സഭയുടെയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. | നിലവിൽ നോർക്ക നടത്തിവരുന്ന PDOP കളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രധാന ആതിഥേയ രാജ്യങ്ങളിലെ തൊഴിൽ വിസ നിയമങ്ങളെ കുറിച്ച് ഡോക്യുമെന്റ് ചെയ്യുന്നതിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഇന്റേൺസിന്റെ സഹായം ഉപയോഗിക്കുന്നതിനുള്ള സാധ്യത CDS സുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ലോക കേരള സഭാ സെക്രട്ടറിയേറ്റ് മുഖനെ സ്വീകരിച്ചു വരുന്നു . |
| 6 | കേരള സർക്കാർ ഉടമസ്ഥതയിലുള്ള എയർപോർട്ടുകളിൽ നോർക്ക ഇൻഫർമേഷൻ കം ഹെൽപ്പ് | നോർക്ക ഇൻഫർമേഷൻ ഡസ്ക് ആരംഭിക്കുന്നതിനായി നോർക്ക റൂട്സിൽനിന്നും ഒരു ടീം കൊച്ചിൻ, കണ്ണൂർ എന്നീ എയർപോർട്ടുകൾ സന്ദർശിച്ച് തുടർ |

| | | |
|---|---|---|
| | ഡസ്ക് – എയർപോർട്ടുകളിൽ ഇൻഫർമേഷൻ കം ഹെൽപ്പ് ഡസ്ക് എന്നത് കാലങ്ങളായുള്ള ആവശ്യമാണ്. ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കണ്ണൂർ, കൊച്ചിൻ എയർപോർട്ടുകളിൽ നോർക്ക ഇൻഫർമേഷൻ ഡസ്ക് ആരംഭിക്കാൻ സാധിക്കും. പ്രസ്തുത സംവിധാനം വഴി കുടിയേറുന്ന തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും നോർക്ക സേവനങ്ങളെ കുറിച്ചുള്ള അവബോധം നടക്കുവാൻ സാധിക്കും. | നടപടികൾ നോർക്ക റൂട്ട്സും ലോക കേരള സഭാ സെക്രട്ടറിയേറ്റും മുഖനെ സ്വീകരിച്ചുവരികയാണ്. |
| 7 | റിക്രൂട്ട്മെന്റ് ഏജൻസികൾ പലപ്പോഴും നൽകുന്നത് വ്യാജ തൊഴിൽ കരാറുകളാണ്, ഇത് പ്രവേശനം നിഷേധിക്കുന്നതിലേക്കും പലപ്പോഴും കുടിയേറ്റക്കാർക്ക് യാത്രാ വിലക്കിലേക്കും നയിക്കുന്നു. കുടിയേറ്റക്കാർക്കായി ബോധവൽക്കരണ ക്യാമ്പുകൾ അടിയന്തിരമായി ആവശ്യമാണ്. ഉദാഹരണത്തിന്, കെയർ വിസകൾക്ക് 18 ലക്ഷം രൂപ ചിലവാകും, യുകെയിലേക്ക് പോകുന്ന വിദ്യാർത്ഥികൾ രണ്ട് സെമസ്റ്ററുകളുടെ ഫീസ് മുൻകൂറായി അടച്ചാൽ മതിയെന്നും ബാക്കിയുള്ളത് | സുരക്ഷിത കുടിയേറ്റം സംബന്ധിച്ച പ്രീഡിപ്പാർച്ചർ ഓറിയന്റഷൻ പരിപാടി മുഖാന്തരം ബോധവത്കരണം നല്കിവരുന്നതിനോടൊപ്പം നോർക്കയുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും ഇത് സംബന്ധിച്ച ബോധവത്കരണ പരസ്യങ്ങൾ / വാർത്തകൾ നൽകി വരുന്നുണ്ട്. |

| | | |
|---|---|---|
| | അവിടെ ജോലി ചെയ്ത് കവർ ചെയ്യാമെന്നും തെറ്റിദ്ധരിപ്പിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. | |
| 8 | നോർക്കാ കാർഡ് എന്നിവയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് എസ് എം എസ് അലെർട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക. | നോർക്ക കാർഡ് എന്നിവയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപ് എസ്എംഎസ് അലെർട്ട് നൽകുന്ന സംവിധാനം നിലവിലെ സോഫ്റ്റ് വെയറിൽ ഉണ്ട്. കൂടാതെ പുതിയ സോഫ്റ്റ് വെയറിൽ രജിസ്റ്റേർഡ് മൊബൈൽ നമ്പറിലും ഇ-മെയിലിലും അലെർട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 9 | നോർക്ക സംഘടന രജിസ്ട്രേഷനുള്ള പല മാനദണ്ഡങ്ങളും അപ്രായോഗികമാണ് എന്ന പരാതിയുണ്ട്. രജിസ്ട്രേഷനുള്ള തടസ്സങ്ങൾ നീക്കി എല്ലാ രാജ്യങ്ങളിലും നോർക്ക രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടാകേണ്ടതുണ്ട്. | പ്രവാസിസംഘടനകൾക്ക് നോർക്ക രജിസ്ട്രേഷൻ നൽകിവരുന്നത് നോർക്ക റൂട്ട്സ് ബോർഡ് അംഗീകരിച്ച ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്.<br>(i) അസോസിയേഷൻ രൂപീകരിക്കാൻ തീരുമാനിച്ച ആദ്യ മീറ്റിംഗിന്റെ മിനിറ്റ്സിൽ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ, മിനിറ്റ്സിൽ ഭാരവാഹികളുടെ ഒപ്പ് ഉണ്ടായിരിക്കണം (വിദേശത്തുള്ള അസോസിയേഷനുകളുടെ കാര്യത്തിൽ).<br>II)കഴിഞ്ഞ മൂന്ന് വർഷത്തെ അക്കൗണ്ടുകളുടെ ഓഡിറ്റ് ചെയ്ത പ്രസ്താവന<br>മേൽ നിബന്ധനകളിൽ ആദ്യത്തേ അസോസിയേഷൻ രൂപീകരിക്കാൻ തീരുമാനിച്ച ആദ്യ മീറ്റിംഗിന്റെ മിനിറ്റ്സിൽ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ, മിനിറ്റ്സിൽ ഭാരവാഹികളുടെ ഒപ്പ് ഉണ്ടായിരിക്കണം (വിദേശത്തുള്ള അസോസിയേഷനുകളുടെ കാര്യത്തിൽ) എന്നത് നീക്കം ചെയ്യാവുന്നതാണ്. |

| | | |
|---|---|---|
| 10 | നോർക്ക റൂട്ട്സിലെ വനിതാ സെൽ വിപുലീകരിക്കണം. അതോടൊപ്പം നിലവിലുള്ള പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തണം. | ലോക കേരള സഭയിലെ വനിതാ പ്രതിനിധികളുമായി പ്രത്യേക യോഗം ഓൺലൈനായി ചേരുകയും യോഗത്തിൽ ലഭിച്ച ശിപാർശകൾ വിശദമായി പരിശോധിച്ച് പരിഗണനാർഹമായവയിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 11 | പ്രവാസികളുമായുള്ള സാംസ്കാരിക വിനിമയ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി മലയാളം മിഷനും നോർക്ക-റൂട്ട്സും ചേർന്നുള്ള കർമ്മപദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുക. | മലയാളം മിഷനും നോർക്ക റൂട്ട്സും ചേർന്ന് പദ്ധതികൾ നടപ്പാക്കുന്ന വിഷയത്തിന്റെ പ്രായോഗിക വശം പരിശോധിച്ച് വരുന്നു |

**സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ**

| | | |
|---|---|---|
| 12 | കുടിയേറിയ വിദ്യാർത്ഥികളുടെ പരാതികളും പ്രശ്നങ്ങളും കേൾക്കാനും സഹായം ആവശ്യമായവ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് കൈമാറാനും കഴിയുന്ന തരത്തിൽ ഒരു സംവിധാനം രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഇത്തരമൊരു സംവിധാനം വഴി വിദേശ രാജ്യങ്ങളിൽ വിദ്യാർഥികൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിനും നോർക്ക ഹെല്പ് ഡെസ്ക്, ലോക കേരള സഭ എന്നിവയുടെ സഹായത്തോടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം | വിദേശ രാജ്യങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതുമുള്ള രൂപരേഖ തയ്യാറാക്കുന്നതിന് ഒരു സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ ആരംഭിക്കുന്ന കാര്യം 2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് |

| | | |
|---|---|---|
| | കാണുന്നതിനും സാധിക്കും. | |
| 13 | പ്രത്യേക വെബ്സൈറ്റ് തയ്യാറാക്കി വിദേശ രാജ്യങ്ങളിൽ പഠിക്കുവാൻ പോകുന്ന വിദ്യാർത്ഥികൾക്ക് അതാത് രാജ്യങ്ങളിലെ നിയമങ്ങൾ. സാഹചര്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുന്നതിനും വ്യാജ കോഴ്സുകൾ തൊഴിൽ തട്ടിപ്പുകൾ എന്നിവയിൽ പെട്ട് പോകാതിരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യം ഒരുക്കണം. | |
| 14 | ജർമ്മനിയുടെ അക്കാഡമിക് പ്രോഗ്രാമായ ഡി.എ.എ.ഡി (ഡാഡ്) പ്രോഗ്രാം പോലെയുള്ള സ്കോളർഷിപ് അവസരങ്ങൾ കൃത്യമായി മനസിലാക്കുന്നതിനും | |
| | പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരങ്ങൾ കൃത്യമായി വിദ്യാർഥികളിലേക് എത്തിക്കുക. | |
| 15 | പ്രധാന ആതിഥേയ രാജ്യങ്ങളിൽ നോർക്ക ഹെല്പ് ഡെസ്കുകൾ – കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ വിവിധ രാജ്യങ്ങളിൽ ലോക കേരള സഭ അംഗങ്ങളെ ഉൾപ്പെടുത്തി ഹെൽപ്ഡെസ്കുകൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ഹെല്പ്ഡെസ്കുകളുടെ | |

| | | |
|---|---|---|
| | പ്രവർത്തനം പുനരാരംഭിക്കുന്നത് ഉചിതമായിരിക്കും. ആദ്യഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിലും പ്രധാന മൈഗ്രേഷൻ ഹോട്ട്സ്പോട്ടുകളായ കാനഡ, യുകെ തുടങ്ങിയ രാജ്യങ്ങളിലും ആരംഭിക്കാവുന്നതാണ്. | |
| 16 | ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ഡൽഹി, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ പരീക്ഷ/അഡ്മിഷൻ ആവശ്യങ്ങൾക്കായി എത്തുന്ന വിദ്യാർത്ഥികൾക്ക് കേരളഹൗസ് പോലെയുള്ള സ്ഥലങ്ങളിൽ നോർക്ക ഡവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ ഹെല്പ്സെന്റർ രൂപീകരിക്കുക. സൗകര്യങ്ങൾ ക്രമീകരിക്കുക. | ഡൽഹിയിലും സമീപ സംസ്ഥാനങ്ങളിൽ നിന്നും പരീക്ഷ/ അഡ്മിഷൻ ആവശ്യങ്ങൾക്കായി എത്തുന്ന വിദ്യാർത്ഥികൾക്ക് പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെ നോർക്ക ഡവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ ഹെല്പ്സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**ലോക കേരള സഭ സമ്മേളനങ്ങൾ, മേഖലാ സമ്മേളനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവ് വിവരം ചുവടെ ചേർക്കുന്നു**

| ക്രമ നമ്പർ | സമ്മേളനങ്ങൾ | ചെലവായ തുക | റിമാർക്സ് |
|---|---|---|---|
| **ലോക കേരള സഭ സമ്മേളനങ്ങൾ** | | | |
| 1 | ഒന്നാം ലോക കേരള സഭ | ₹2,03,21,861 | മൂന്ന് ദിവസങ്ങളിലായി നടന്ന ലോക കേരള സഭാ സമ്മേളനത്തിൽ, പ്രതിനിധികളുടെ താമസം, ഇവന്റ് മാനേജ്മന്റ്, പബ്ലിസിറ്റി, പ്രിന്റിങ്, തുടങ്ങിയ ചെലവുകൾക്കായി തുക വിനിയോഗിച്ചു. |
| 2 | രണ്ടാം ലോക കേരള സഭ | ₹1,21,68,733 | |
| 3 | മൂന്നാം ലോക കേരള സഭ | ₹1,14,49,533 | |
| 4 | നാലാം ലോക കേരള സഭ | ₹37,86,691 | |
| **മേഖലാ സമ്മേളനങ്ങൾ** | | | |
| 5 | ദുബായ് | ₹18,40,670 | പ്രസ്തുത സമ്മേളനവുമായി ബന്ധപ്പെട്ട നോർക്കയിൽ നിന്നുള്ള പ്രതിനിധി സംഘത്തിന്റെ വിസ, വിമാന യാത്ര, താമസം, ഭക്ഷണം, അനുബന്ധ ചെലവുകൾക്കായി ലോക കേരള സഭയുടെ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. |
| 6 | യുകെ | – | പ്രസ്തുത സമ്മേളനവുമായി ബന്ധപ്പെട്ട് തുക വിനിയോഗിച്ചിട്ടില്ല |
| 7 | അമേരിക്ക | ₹5,60,325 | പ്രസ്തുത സമ്മേളനവുമായി ബന്ധപ്പെട്ട് ലോക കേരള സഭാ ഡയറക്ടറുടെ വിസ, വിമാന യാത്ര, താമസം, ഭക്ഷണം, അനുബന്ധ |

| | | | |
|---|---|---|---|
| | | | ചെലവുകൾക്കായി ലോക കേരള സഭയുടെ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ